**<u>15 -ാം കേരള നിയമസഭ</u>**

**<u>9 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57</u>** **<u>09-08-2023 - ൽ മറുപടിയ്ക്ക്</u>**

**<u>കോ ഓപ്പറേറ്റീവ്സ് ഇനിഷ്യേറ്റീവ് ഫോർ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഇൻ കേരള</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | നബാർഡിൽ നിന്നും കേരള ബാങ്ക് വഴി പശ്ചാത്തല സൗകര്യ പുനർനിർണ്ണയ വായ്പ ലഭ്യമാക്കുന്ന കോ ഓപ്പറേറ്റീവ്സ് ഇനിഷ്യേറ്റീവ് ഫോർ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഇൻ കേരള (സി.എ.ഐ.കെ.) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് നബാർഡിന്റെ പുനർവായ്പാ സ്കീമിന്റെ സാദ്ധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനായി പ്രഖ്യാപിച്ച സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതിയിൽ ഉൾപ്പെട്ട ഒരു ഘടകമാണ് Co-operatives Initiative for Agriculture Infrastructure in Kerala (CAIK)<br><br>കാർഷിക മേഖലയുടെ വികസനത്തിനായി മൂലധന രൂപീകരണം വർദ്ധിപ്പിച്ച് പ്രാദേശിക വിപണികൾ, ഗോഡൗണുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ, പൈനാപ്പിൾ, വാഴപ്പഴം, മാമ്പഴം മുതലായ പഴവർഗ്ഗങ്ങളുടെ സംസ്കരണ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതിനും, ഇതിലൂടെ പഴം പച്ചക്കറി മാർക്കറ്റുകൾ, ആധുനിക മത്സ്യ വിപണന സൗകര്യങ്ങൾ, കാർഷിക ഉൽപ്പന്നങ്ങളായ പച്ചക്കറികൾ, പാൽ, മാംസം, മത്സ്യം എന്നിവയുടെ സംസ്കരണ കേന്ദ്രങ്ങൾ, മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ ഇടപെടുന്നതിനുമാണ് ടി പദ്ധതി കൊണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ നബാർഡിൽ നിന്നുള്ള പശ്ചാത്തല സൗകര്യ പുനർ വായ്പ, കേരള ബാങ്ക് മുഖേന interest subvention നൽകി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 4% പലിശ നിരക്കിൽ ലഭ്യമാക്കുന്നതിനാണ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചിരുന്നത്. |
| (ബി) | എസ്.സി./ എസ്.റ്റി. സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണത്തിനും കമ്പ്യൂട്ടർവത്ക്കരണത്തിനുമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ ഉദ്ദേശത്തിനായി രൂപപ്പെടുത്തിയ ചട്ടപ്രകാരം 1:1:4 എന്ന അനുപാതത്തിൽ വായ്പ, ഓഹരി, സബ്സിഡി രൂപത്തിലാണ് സഹായം ലഭ്യമാക്കുന്നത്. പ്രോജക്ട് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 3 ലക്ഷം രൂപ, ഏതാണോ കുറവ് ടി തുകയാണ് സംഘത്തിന് അനുവദിക്കുന്നത്. ടി പദ്ധതി 2017-2018 സാമ്പത്തിക വർഷത്തിലാണ് ആരംഭിച്ചത്. 2022-23 വർഷത്തിൽ ഈ പദ്ധതിക്കായി 250.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ടി പദ്ധതി ആരംഭിച്ചതിന് ശേഷം വിവിധ |

<table>
<tr><td></td><td></td><td></td><td>സാമ്പത്തിക വർഷങ്ങളിൽ വായ്പ, ഓഹരി, സബ്സിഡി ആയി എസ്.സി/എസ്.ടി സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>സാമ്പത്തിക വർഷം</td><td>വായ്പ</td><td>ഓഹരി</td><td>സബ്സിഡി</td></tr>
<tr><td>2018-2019</td><td>100000</td><td>100000</td><td>400000</td></tr>
<tr><td>2020-2021</td><td>246000</td><td>246000</td><td>984000</td></tr>
<tr><td>2022-2023</td><td>140000</td><td>140000</td><td>560000</td></tr>
</table>
</td></tr>
<tr><td>(സി)</td><td>കാർഷിക സബ്സിഡി വിതരണം ശാസ്ത്രീയമാക്കുന്നതിന് സബ്സിഡി പണമായല്ലാതെ കൃഷി സാമഗ്രികളായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?</td><td>(സി)</td><td>കാർഷിക സബ്സിഡി വിതരണം ശാസ്ത്രീയമാക്കുന്നതിന് സബ്സിഡി പണമായല്ലാതെ കൃഷി സാമഗ്രികളായി വിതരണം ചെയ്യുന്നതു സംബന്ധിച്ച പദ്ധതി സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ